# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 985

11.07.2011 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ അഴിമതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലെ അഴിമതികൾ ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) സഹകരണ മേഖലയിലെ അഴിമതികൾ ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ അഴിമതി അന്വേഷണവുമായി ബന്ധപ്പെട്ട ലഭിക്കുന്ന നിവേദനങ്ങളിൽമേലും പരാതികളിന്മേലും പ്രാഥമിക അന്വേഷണം നടത്തുകയും കൂടുതൽ വിശദമായ അന്വേഷണം ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം/ പരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്. പരിശോധനയിലും അന്വേഷണത്തിലും തുടർ നടപടികൾ ആവശ്യമായി വന്നാൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും പോലീസ് വകുപ്പിനും ശുപാർശ ചെയ്ത് അയച്ചുകൊടുക്കാറുണ്ട്. കൂടാതെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലുള്ള ഒരു ഓഫീസറെ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ടും ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ മൂന്നു മേഖലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ടും |

| | |
|---|---|
| | സഹകരണ വിജിലൻസ് വിഭാഗം പുനസംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അഴിമതിയും ക്രമക്കേടും തടയുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിലേക്കായി ഒരു ഐ.എ.എസ്. ഓഫീസറെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ച് ആഡിറ്റിനായി പ്രത്യേക ആഡിറ്റ് ഡയറക്ടറേറ്റും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇ. നാരായണൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) ഇ. നാരായണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടേയും 2008 ൽ എറണാകുളത്തു വച്ചു നടന്ന സഹകരണ കോൺഗ്രസിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന് നിർദ്ദേശങ്ങളുടേയും സഹകരണ വകുപ്പ് തലത്തിൽ നടന്ന ചർച്ചകളുടേയും അടിസ്ഥാനത്തിൽ കേരള സഹകരണ നിയമത്തിലും ചട്ടങ്ങളിലും സമഗ്രമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

( [illegible] )